**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **15-03-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വഖഫ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനായി നിയമസഭ പാസ്സാക്കിയ ബിൽ പുന:പരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | 1995-ലെ വഖഫ് ആക്ടിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016 ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിന് വേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നടത്തിയ നിയമനിർമ്മാണം തികച്ചും സാധുതയുള്ളതാണ്. വഖഫ് ബോർഡ് |

| | | | |
|---|---|---|---|
| | | | ശുപാർശ പരിഗണിച്ചു കൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ അവ പരിശോധിച്ചശേഷം മാത്രമേ നിയമനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിയമം പാസ്സാക്കിയതിനു ശേഷം തുടർനടപടികൾക്കായി സർക്കാർ ഇതുവരെ പബ്ലിക് സർവ്വീസ് കമ്മീഷനെ സമീപിച്ചിട്ടില്ല. |
| (ബി) | പി.എസ്.സി. ക്ക് വിടുന്നതിനുപകരമായി വഖഫ് ബോർഡ് നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | മേൽ കാര്യത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കുകയുള്ളൂ. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ഉൾപ്പെടെ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന നിരവധി സ്ഥാപനങ്ങളിൽ ഇപ്പോഴും നിയമനങ്ങൾ പി.എസ്.സി. മുഖേന അല്ലെന്നിരിക്കെ സംസ്ഥാന വഖഫ് ബോർഡ് നിയമനങ്ങൾ മാത്രം പി.എസ്.സി. ക്ക് വിടുന്നതിന്റെ സാഹചര്യം വിശദമാക്കാമോ? | (സി) | വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടുന്നതിലൂടെ പ്രസ്തുത നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും യോഗ്യതയുള്ള മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുല്യ അവസരം ഉറപ്പുവരുത്തുവാനും കഴിയുമെന്നതിനാലാണ് വഖഫ് ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ